**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3073** **11-03-2025 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന്റെ സ്വപ്നപദ്ധതികളിൽ ഒന്നായ മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പദ്ധതിയുടെ മുഴുവൻ റീച്ചുകൾക്കും ഡിപിആർ തയ്യാറാക്കി സാമ്പത്തികാനുമതി തേടിയിട്ടുണ്ട്. ഇതിൽ 738.20 കിലോമീറ്റർ റോഡിന് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. 520.40 കി മീ സാങ്കേതികാനുമതി നൽകി, ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ, 481.13 കി മീ പ്രവൃത്തി കരാറിൽ ഏർപ്പെട്ട് ആരംഭിച്ചു. 166.08 കി. മീ. റോഡിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ എത്ര റീച്ചുകളിലായിട്ടാണ് പ്രവൃത്തി നടന്നുവരുന്നത് ; പ്രസ്തുത റീച്ചുകളിൽ ഏതെല്ലാമാണ് ധനാനുമതിയ്ക്കായി കിഫ്ബിയിൽ ഡി.പി.ആർ. ഇനിയും സമർപ്പിക്കാനുള്ളത്; വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ മലയോര ഹൈവേ പദ്ധതി 9 റീച്ചുകൾ ആയി നടപ്പിലാക്കി വരുന്നു. അവയിൽ പ്രവൃത്തി പുരോഗമിക്കുന്ന 5 റീച്ചുകൾ ചുവടെ ചേർക്കുന്നു:<br><br>1. കോടഞ്ചേരി - കക്കാടംപൊയിൽ (35.35 കി. മീ)<br><br>2. തലയാട് - മലപുറം - കോടഞ്ചേരി (18 കി. മി)<br><br>3. 28-ആം മൈൽ - തലയാട് ടൗൺ (6.79 കി. മീ)<br><br>4. മറിപ്പുഴ - ആനക്കാംപൊയിൽ- പുല്ലൂരാംപാറ (12.0 കി. മീ)<br><br>5. പെരുവണ്ണാമുഴി മുതൽ 28-ആം മൈൽ വരെ (15.65 കി. മീ)<br><br>സ്ഥല ലഭ്യത ഉറപ്പാക്കി, പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്ന നാല് റീച്ചുകൾ ചുവടെ ചേർക്കുന്നു:<br><br>1. ചുങ്കക്കുട്ടി - പൂതംപാറ പാലം (5.446 കി. മീ. )<br><br>2. മുള്ളൻകുന്ന് – പെരുവണ്ണാമുഴി (8.06 കി. മീ.)<br><br>3. തൊട്ടിൽപ്പാലം - മുള്ളൻകുന്ന് (6.4 കി. മീ.) |

| | | | |
|---|---|---|---|
| | | | 4. പൂതംപാറ പാലം - മൂന്നാംകൈ- തൊട്ടിൽപ്പാലം (7.225 കി. മീ.)<br><br>കോഴിക്കോട് ജില്ലയിലെ മലയോര ഹൈവേയുടെ എല്ലാ റീച്ചുകൾക്കും ധനാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ